"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - മലപ്പുറം ജില്ലയിലെ അരീക്കോട് ഉപജില്ലയിലെ ഇളയൂർ എം.എ.ഒ. യു.പി. സ്കൂളിലെ അറബിക് അധ്യാപികയായിരുന്ന ശ്രീമതി. റസീന കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 29179/2021 മേലുള്ള 18/06/2024 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം - പാലിച്ച് ഉത്തരവാകുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി.) വകുപ്പ്**

G.O.(Ms)No.81/2025/GEDN തീയതി,തിരുവനന്തപുരം, 04-05-2025

പരാമർശം:-

1. 02/09/2021 തീയതിയിലെ സ.ഉ.(കൈ)നം.192/2021/പൊ.വി.വ. സർക്കാർ ഉത്തരവ്.
2. 18/06/2024 തീയതിയിലെ റിട്ട് ഹർജി നം. 29179/2021 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
3. സർക്കാരിന്റെ 20/09/2024 തീയതിയിലെ SC3/271/2024-G.EDN നം . ഹിയറിംഗ് നോട്ടീസ്.
4. 27/09/2024 തീയതിയിലെ അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOARC/1072/2024-B നം. റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അരീക്കോട് ഉപജില്ലയിലെ ഇളയൂർ എം.എ.ഒ. യു.പി. സ്കൂളിലെ അറബിക് അധ്യാപികയായിരുന്ന ശ്രീമതി. റസീന കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 29179/2021 മേലുള്ള പരാമർശം (2) വിധിന്യായത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദാക്കിയ കോടതി Ext.P4 ന്റെ വെളിച്ചത്തിലും പരാമർശം (2) കോടതി വിധിയിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും ഹർജിക്കാരിയുടെ നിയമനാംഗീകാരത്തിൽ വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നും, തുടർന്ന് 2 മാസത്തിനകം ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്നുമാണ് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നത്. ബഹു. കോടതി വിധി പാലിക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് അണ്ടർ സെക്രട്ടറി 01/10/2024 തീയതിയിൽ ഹർജിക്കാരിയേയും, സ്കൂൾ മാനേജറേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും നേരിൽ കേൾക്കുകയുണ്ടായി.

2) ഹിയറിംഗ് വേളയിലെ ഹർജിക്കാരിയുടേയും മാനേജറുടേയും വാദം ഇപ്രകാരമാണ്. കുട്ടികളുടെ വർദ്ധനവ് മൂലം 14/07/2011 ൽ എളയൂർ എം.എ.ഒ. യു.പി. സ്കൂളിൽ ഫുൾ ടൈം അറബിക് അധ്യാപികയായി മാനേജർ ഹർജിക്കാരിയെ നിയമിക്കുകയും നിയമന അംഗീകാര പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. തസ്തിക സർക്കാർ

അനുവദിക്കാത്തതിനാൽ നിയമന ഉത്തരവ് ലഭിച്ചില്ല. തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 09/08/2017 ന് സൂപ്പർ ചെക്ക് സെൽ സ്കൂളിൽ പരിശോധന നടത്തുകയും 1:45 പ്രകാരം മൂന്ന് UPST തസ്തിക അനുവദനീയമാണെന്ന് കണ്ടെത്തുകയും ചെയ്തു. 1:45 പ്രകാരം അറബിക് തസ്തിക ഉണ്ടായിട്ടും സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തില്ല. ഇതിനെതിരെ ഹർജിക്കാരിയും മാനേജരും അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ചെക്ക് സെൽ 01/10/2019 ന് സ്കൂളിൽ വീണ്ടും പരിശോധന നടത്തുകയും അറബിക് തസ്തിക കൂടി അംഗീകരിക്കേണ്ടതാണെന്ന് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു. സൂപ്പർ ചെക്ക് സെല്ലിന്റെ അനുകൂല റിപ്പോർട്ട് ഉണ്ടായിട്ടും 06/03/2019 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരിയുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല. ഇതിനെതിരെ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി നേടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 11/11/2015 മുതലുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് ഉത്തരവാകേണ്ടതായിരുന്നെങ്കിലും ഹർജിക്കാരിക്ക് ഉത്തരവ് നം. ബി/1416/2022 തീയതി 23/04/2022 പ്രകാരം 20/11/2017 മുതൽ 06/11/2018 വരെയാണ് നിയമനാംഗീകാരം നൽകിയത്. ഇതിനെതിരെ വീണ്ടും ബഹു ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. പരാമർശം (2) വിധിയുടെ അടിസ്ഥാനത്തിൽ 11/11/2015 മുതൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് ഉത്തരവാകണം.

3) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

(i) എളയൂർ എം.എ.ഒ. യു.പി സ്കൂളിൽ 14/07/2011 മുതൽ ശ്രീമതി. റസീന കെ എന്നവരെ അധിക ഫുൾ ടൈം അറബിക് അധ്യാപികയായി നിയമിക്കുകയും, ആയതിന് അംഗീകാരം ലഭിക്കുന്നതിനായി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സ്കൂളിൽ ടിയാളെ ഉൾക്കൊള്ളാൻ വ്യവസ്ഥാപിതമായ തസ്തിക നിലവിലില്ല എന്ന കാരണത്താൽ ടി നിയമനം നിരസിച്ച് നൽകി. ടി സ്കൂളിൽ 1:45 പ്രകാരം അറബിക് തസ്തിക അനുവദിക്കാൻ കുട്ടികൾ ഉണ്ടെങ്കിലും ഏരിയ ഇൻസെന്റീവ് പ്രോഗ്രാം പ്രകാരം പ്രവർത്തിക്കുന്ന സ്കൂൾ ആയതിനാൽ അധിക തസ്തിക അനുവദിക്കാൻ സർക്കാർ നിർദ്ദേശം ലഭിക്കാത്ത സാഹചര്യത്തിൽ ടി സ്കൂളിന് അധിക അറബിക് തസ്തിക അനുവദിച്ച് നൽകിയിരുന്നില്ല. സ.ഉ(കൈ)നം.29/16/പൊ.വി.വ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി 11/11/15 മുതൽ അംഗീകാരവും അന്നേ തീയ്യതി മുതൽ എ.ഐ.പി. സ്കൂളിലെ ജീവനക്കാർക്ക് അനുവദനീയമായ സേവന വേതന വ്യവസ്ഥകളും അനുവദിച്ച് നൽകാനും, സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂപ്പർ ചെക് സെൽ ഓഫീസറോട് ഏരിയ ഇൻസെന്റീവ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എ.ഐ.പി. സ്കൂളുകളിൽ സന്ദർശനം നടത്തി യഥാർത്ഥ വിവരങ്ങൾ സമർപ്പിക്കുന്നതിനായി ആവശ്യപ്പെടുകയും തുടർന്ന് സൂപ്പർ ചെക് സെൽ ഓഫീസർ സ്കൂളിൽ പരിശോധന നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ എം.എ.ഒ. യു.പി എളയൂർ സ്കൂളിലെ അറബിക് തസ്തിക ഉൾപ്പെട്ടിരുന്നില്ല. അർഹമായ അറബിക് തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സൂപ്പർ ചെക് സെൽ ഓഫീസറോട് വീണ്ടും ആവശ്യപ്പെടുകയും സൂപ്പർ ചെക് സെൽ ഓഫീസർ എം.എ.ഒ. യു.പി. എളയൂർ സ്കൂളിൽ 2 അറബിക് അധ്യാപക തസ്തിക അനുവദിക്കാനാവശ്യമായ

പിരീയഡുകൾ ലഭ്യമാണ് എന്നും, സ്കൂളിൽ പഠിപ്പിക്കാൻ മൊത്തം 44 പിരീയഡുകൾ ലഭ്യമായതിനാൽ രണ്ടാമത്തെ അറബിക് അധ്യാപികയായ ശ്രീമതി. കെ. റസീനയുടെ നിയമനം ഫുൾ ടൈം ആയി അംഗീകരിക്കാൻ സ്കൂളിൽ തസ്തിക നിലവിൽ ഉണ്ടെന്നും, പരിശോധനാ സമയത്ത് നിയമനാംഗീകാരം ലഭിയ്ക്കാത്ത അറബിക് അധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ ശ്രദ്ധയിൽപ്പെടുത്താത്തതുകൊണ്ടാണ് ആദ്യത്തെ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കാൻ കഴിയാതെ വന്നതെന്നും, പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയും ചെയ്തു. എന്നാൽ സ.ഉ(കൈ)നമ്പർ 29/2019/പൊ.വി.വ തീയ്യതി 06/03/2019 പ്രകാരം ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കൂളുകളിൽ 01/06/2003 ന് ശേഷം നിയമിതരായ ജീവനക്കാർക്ക് സേവന വേതന ആനുകൂല്യങ്ങൾ 11/11/2015 മുതൽ അനുവദിച്ച് നൽകിയ സർക്കാർ ഉത്തരവിൽ ശ്രീമതി. റസീന കെ. എന്ന അറബിക് അധ്യാപികയുടെ പേര് പരാമർശിച്ചിരുന്നില്ല.

(ii) ശ്രീമതി. റസീന കെ. യുടെ നിയമനം നിരസിച്ചതിനെതിരെ മാനേജർ ബഹു.ഹൈക്കോടതിയിൽ 13072/2020 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും 01/07/2021 തീയതിയിലെ കോടതി വിധിയിൽ വിഷയം പരിശോധിച്ച് തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് അധിക അറബിക് തസ്തിക അനുവദിച്ച് ശ്രീമതി.റസീന.കെ. യ്ക്ക് 2017-18 വർഷം മുതൽ ഫുൾടൈം അറബിക് തസ്തികയിൽ നിയമനാംഗീകാരം നൽകാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിലെ 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തു. 2017-18 വർഷത്തെ ടി സ്കൂളിലെ ഹാജർ പട്ടിക പരിശോധിച്ചതിൽ ടി അധ്യാപിക 23/05/2017 മുതൽ 19/11/2017 വരെ പ്രസവാവധിയിൽ പ്രവേശിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ പ്രസവാവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച തീയ്യതിയായ 20/11/2017 മുതൽ 06/11/2018 വരെ 2018-19 വർഷത്തെ മധ്യവേനലവധികാലം ഒഴിവാക്കികൊണ്ട് നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 30/12/2021 ലെ B/19365/2021 ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകുകയും ചെയ്തു. ടി അധ്യാപികയ്ക്ക് പി.എസ്.സി. മുഖേന ജോലി ലഭിച്ചതിനാൽ 07/11/2018 ന് സ്കൂളിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ടെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വാദങ്ങളുടേയും, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും, കെ.ഇ.ആർ. ചട്ടങ്ങളുടേയും, നിലവിലെ സർക്കാർ ഉത്തരവുകളുടേയും, ബഹു.കോടതി വിധിയിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിച്ചു.

(i) സംസ്ഥാനത്ത് നിലവിൽ എ.ഐ.പി. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ 01/06/2003 ന് ശേഷം, കെ.ഇ.ആർ. അനുസരിച്ച് അനുവദനീയമാണെന്ന് റിപ്പോർട്ട് ചെയ്ത 67 അധിക തസ്തികകൾക്കും ആ തസ്തികകളിൽ നിയമിക്കപ്പെട്ട 66 അധ്യാപക-അധ്യാപകേതര ജീവനക്കാർക്കും 29/01/2016 തീയതിയിലെ സ.ഉ.(കൈ)നം.29/2016/പൊ.വി.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്തി 11/11/2015 മുതൽ അംഗീകാരവും അന്നേ തീയതി മുതൽ എ.ഐ.പി. സ്കൂളുകളിലെ ജീവനക്കാർക്ക് അനുവദനീയമായ സേവന

വേതന ആനുകൂല്യങ്ങളും അനുവദിച്ച് സർക്കാർ 06/03/2019 തീയതിയിലെ സ.ഉ.(കൈ)നം.29/2019/പൊ.വി.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 14/07/2011 മുതൽ നിയമനം ലഭിച്ച് സമാന സാഹചര്യത്തിൽ ജോലിചെയ്ത് വന്നിരുന്ന ഹർജിക്കാരിയുടെ പേര് 06/03/2019 തീയതിയിലെ സ.ഉ.(കൈ)നം.29/2019/പൊ.വി.വ. ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഇതിനെതിരെ ശ്രീമതി. റസീന കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം. 13072/2020 മേലുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയുമുണ്ടായി. എളയൂർ എം.എ.ഒ.യു.പി സ്കൂളിൽ 2 അറബിക് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനാവശ്യമായ 44 പീരിയഡുകൾ ലഭ്യമായതിനാലും, ഒരു അറബിക് അദ്ധ്യാപിക നിയമനാംഗീകാരത്തോടെ ജോലി ചെയ്തു വരുന്ന സാഹചര്യത്തിലും, ഹർജിക്കാരിയുടെ നിയമനം ഫുൾ ടൈം ആയി അംഗീകരിക്കുവാൻ സ്കൂളിൽ തസ്തിക നിലവിലുണ്ടെന്നും, പരിശോധനാ സമയത്ത് നിയമനാംഗീകാരം ലഭിക്കാത്ത അറബിക് അദ്ധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ ശ്രദ്ധയിൽ പെടുത്താത്തതിനാലാണ് ആദ്യ സൂപ്പർ ചെക്ക് പരിശോധന റിപ്പോർട്ട് ലിസ്റ്റിൽ ഹർജിക്കാരിയുടെ പേര് ഉൾക്കൊള്ളിക്കാൻ കഴിയാതെ വന്നതെന്നും സൂപ്പർ ചെക്ക് ഓഫീസർ, കോഴിക്കോട് അറിയിച്ചതിന്റെയും, നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർക്ക് അംഗീകാരം നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 06/03/2019 തീയതിയിലെ സ.ഉ.(കൈ)നം.29/2019/പൊ.വി.വ. ഉത്തരവിൽ ഹർജിക്കാരിയുടെ പേര് വിട്ടു പോയിട്ടുള്ളതാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റേയും അടിസ്ഥാനത്തിൽ എളയൂർ എം.എ.ഒ.യു.പി സ്കൂളിലെ 2017-18 വർഷം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവ് പുന: പരിശോധിച്ച് അധിക അറബിക് തസ്തിക അനുവദിച്ച് ശ്രീമതി. റസീന.കെയ്ക്ക് 2017-18 വർഷം മുതൽ ഫുൾ ടൈം അറബിക് ടീച്ചർ തസ്തികയിൽ നിയമനാംഗീകാരം നൽകുന്നതിന് അരീക്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവിനെതിരെയാണ് ഹർജിക്കാരി റിട്ട് ഹർജി നം. 29179/2021 ഫയൽ ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ ഓഫീസർമാർ 2017-18 വർഷം ഹർജിക്കാരിക്ക് നിലനിൽക്കാൻ ആവശ്യമായ തസ്തിക നിലനിൽക്കുന്നു എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരാമർശം (1) പ്രകാരം തസ്തിക അനുവദിച്ച് ഉത്തരവായത്. 2015-16 വർഷം മുതലുള്ള തസ്തിക നിർണയ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ടി വർഷങ്ങളിൽ അധിക അറബിക് തസ്തിക അനുവദിക്കുന്നതിനാവശ്യമായ കുട്ടികൾ ഉള്ളതായി കാണുന്നു.

(ii) മേൽ സാഹചര്യത്തിൽ 2015-2016 മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പുന:പരിശോധിച്ച്, മലപ്പുറം ജില്ലയിലെ എം.എ.ഒ. യു.പി. സ്കൂൾ എളയൂരിൽ 2015-2016 വർഷം മുതൽ അധിക ഫുൾ ടൈം അറബിക് തസ്തിക സൃഷ്ടിച്ചുകൊണ്ട് ശ്രീമതി. റസീന കെ. യുടെ നിയമനം 11/11/2015 മുതൽ അംഗീകരിക്കുന്നതിനും, അനുവദനീയമായ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിനും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

5) പരാമർശം (2) വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RANI GEORGE

PRINCIPAL SECRETARY

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അരീക്കോട്, മലപ്പുറം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2892)
ശ്രീമതി. റസീന കെ., ഓങ്ങുങ്ങൽ ഹൗസ്, സൗത്ത് കൊടിയത്തൂർ, കൊടിയത്തൂർ പി. ഒ., കോഴിക്കോട് -673 602
മാനേജർ, എം.എ.ഒ. അപ്പർ പ്രൈമറി സ്കൂൾ, എളയൂർ, ഇരുവെട്ടി പി. ഒ., മലപ്പുറം - 673 639
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 05-05-2025 12:20:39

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. എസ്.സി.3/271/2024/പൊ.വി.വ. ഇനം നം: 2892

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ എം.എ.ഒ. യു.പി. സ്കൂൾ എളയൂരിൽ 2015-2016 വർഷം മുതൽ അധിക ഫുൾ ടൈം അറബിക് തസ്തിക സൃഷ്ടിച്ചുകൊണ്ട് ശ്രീമതി. റസീന.കെ-യുടെ നിയമനം 11.11.2015 മുതൽ അംഗീകരിക്കുന്നതും, അനുവദനീയമായ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതും, അപ്രകാരം റിട്ട് ഹർജി നം.29179/2021-മേലുള്ള 18.06.2024 തീയതിയിലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

2892

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്.സി3/271/2024/പൊ.വി.വ. |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ് |
| 3 | വിഷയം | : | മലപ്പുറം ജില്ലയിലെ എം.എ.ഒ. യു.പി. സ്കൂൾ എളയൂരിൽ 2015-2016 വർഷം മുതൽ അധിക ഫുൾ ടൈം അറബിക് തസ്തിക സൃഷ്ടിച്ചുകൊണ്ട് ശ്രീമതി. റസീന കെ. യുടെ നിയമനം 11/11/2015 മുതൽ അംഗീകരിക്കുന്നതും, അനുവദനീയമായ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതും, അപ്രകാരം റിട്ട് ഹർജി നം. 29179/2021 മേലുള്ള 18/06/2024 തീയതിയിലെ ബഹു ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നതും സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | : | 10/03/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറി | : | ശ്രീ. എൻ. എ. അബ്ദുൾ റഷീദ് |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറി | : | ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 28/03/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/04/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/04/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26/04/25 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകൾ

മലപ്പുറം ജില്ലയിലെ എളയൂർ എം.എ.ഒ. യു.പി. സ്കൂളിൽ 2015-2016 മുതൽ ഒരു മുഴുവൻ സമയ അധിക അറബിക്ക് അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ 11/11/2015 മുതൽ ശ്രീമതി. റസീന കെ. ക്ക് നിയമനാംഗീകാരം നൽകുന്നതും, തുടർന്ന് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതും, ഇപ്രകാരം റിട്ട് ഹർജി നം. 29179/2021 മേലുള്ള 18/06/2024 തീയതിയിലെ ബഹു ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) ശ്രീമതി. റസീന കെ. ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം.29179/2021 മേലുള്ള 18/06/2024 തീയതിയിലെ വിധിന്യായത്തിൽ ഹർജിക്കാരിക്ക് 11/11/2015 മുതൽ നിയമനാംഗീകാരം നിഷേധിച്ചിട്ടുള്ള 02/09/2021 തീയതിയിലെ G.O(Ms)No.192/2021/GEDN സർക്കാർ ഉത്തരവും, അതിനെത്തുടർന്ന് 30/12/2021 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവും റദ്ദാക്കിയ ബഹു ഹൈക്കോടതി, മേൽ വിധിന്യായത്തിൽ ബഹുമാനപ്പെട്ട കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ കണക്കിലെടുത്ത് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ 11/11/2015 മുതൽ ഹർജിക്കാരിയുടെ നിയമനം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും, തുടർന്ന് രണ്ട് മാസത്തിനുള്ളിൽ അർഹമായ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകാനും സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു കോടതി വിധിന്യായം പാലിക്കുന്നതിനുള്ള സമയ പരിധി 30/12/2024 ന് അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ, ഹർജിക്കാരി Con.Case(C)No.78/2025 നമ്പറായി കോടതീയലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. കേസിൽ സർക്കാർ ഫയൽ ചെയ്തിട്ടുള്ള Time Extension Petition അനുവദിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് ഹർജി നം. 29179/2021 മേലുള്ള 18/06/2024 തീയതിയിലെ വിധിന്യായം പാലിക്കാനുള്ള സമയപരിധി 17/06/2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

3) എളയൂർ എം.എ.ഒ. യു.പി. സ്കൂളിൽ 2017-2018 വർഷം മുതൽ രണ്ടാമത്തെ ഫുൾ ടൈം അറബിക് അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ശ്രീമതി. റസീന കെ. യുടെ നിയമനം അംഗീകരിക്കാൻ നിർദ്ദേശം നൽകിയാണ് 02/09/2021 തീയതിയിലെ G.O(Ms)No.192/2021/GEDN ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നത്. ഈ ഉത്തരവാണ് ബഹു കോടതി റദ്ദ് ചെയ്തിട്ടുള്ളത്. 06/03/2019 തീയതിയിലെ G.O.(Ms)No.29/2019/GEDN സർക്കാർ ഉത്തരവിൽ ഹർജിക്കാരിയുടെ പേര് ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതാണെന്ന് 02/09/2021 തീയതിയിലെ G.O.(Ms)No.192/2021/GEDN ഉത്തരവിൽ സർക്കാർ സമ്മതിച്ചിട്ടുള്ളതാണെന്നും, നേരത്തേ സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയിൽ, പ്രസ്തുത സ്കൂളിൽ മൂന്ന് അധിക യു.പി.എസ്.ടി. തസ്തികകൾ അനുവദിക്കുന്നതിന് മതിയായ എണ്ണം വിദ്യാർത്ഥികളെ കണ്ടെത്തിയിരുന്നുവെന്നും, തുടർന്ന് ഈ റിപ്പോർട്ടിന്റേയും സമാന സാഹചര്യത്തിലുള്ള മറ്റ് സ്കൂളുകളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലാണ് 06/03/2019 തീയതിയിലെ G.O.(Ms)No.29/2019/GEDN ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതെന്നും, അതിനാൽത്തന്നെ സമാന സാഹചര്യത്തിൽ G.O.(Ms)No.29/2019/GEDN ഉത്തരവ് പ്രകാരം നിയമനാംഗീകാരം ലഭിച്ച മറ്റ് അധ്യാപകരെപ്പോലെത്തന്നെ 11/11/2015 മുതൽ നിയമനാംഗീകാരം ലഭിക്കാൻ ഹർജിക്കാരിക്കും അർഹതയുണ്ടെന്നും, യാതൊരു കാരണവുമില്ലാതെയാണ് ഹർജിക്കാരിക്ക് 11/11/2015 മുതൽ സർക്കാർ നിയമനാംഗീകാരം നിഷേധിച്ചിട്ടുള്ളതെന്നുമാണ് കോടതി വിധിന്യായത്തിൽ നിരീക്ഷിച്ചിട്ടുള്ളത്.

4) കോടതി വിധിയെത്തുടർന്ന്, വിഷയം പരിശോധിക്കുന്നതിനായി 01/10/2024 തീയതിയിൽ ഹർജിക്കാരിയേയും ബന്ധപ്പെട്ട കക്ഷികളേയും പൊതുവിദ്യാഭ്യാസ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ഉന്നയിച്ച വാദങ്ങൾ കേരള വിദ്യാഭ്യാസ ചട്ടങ്ങളുടേയും, നിലവിലെ സർക്കാർ ഉത്തരവുകളുടേയും, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ.ഇ.ആർ. അധ്യായം XXIII ചട്ടം 6 ൽ ആണ് യു. പി. സ്കൂളിൽ അറബിക് തസ്തിക അനുവദിക്കുന്ന

വിഷയം പരാമർശിച്ചിട്ടുള്ളത്. യു. പി. സ്കൂളിൽ ആഴ്ചയിൽ 15 ഉം അതിന് മുകളിലും എന്നാൽ 29 ന് താഴെയോ പീരീയഡുകൾ ലഭ്യമാണെങ്കിൽ 1 ഫുൾ ടൈം അറബിക് തസ്തിക അനുവദനീയമാണ്. ആഴ്ചയിൽ 29 ഉം അതിന് മുകളിലും എന്നാൽ 54 ന് താഴെയോ പീരിഡുകൾ ലഭ്യമാണെങ്കിൽ 2 ഫുൾ ടൈം അറബിക് തസ്തിക അനുവദനീയമാണ്. 2009 ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 29/01/2016 തീയതിയിലെ സ.ഉ.(പി)നം.29/2016/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 5-ാം ക്ലാസ്സിൽ 1 : 30 അനുപാതത്തിലും, 6-ാം ക്ലാസ്സിൽ 1 : 35 എന്ന അനുപാതത്തിലും, 7-ാം ക്ലാസ്സിൽ 1 : 35 എന്ന അനുപാതത്തിലുമാണ് തസ്തിക നിർണ്ണയം നടത്തുന്നത്. എന്നാൽ എളയൂർ എം.എ.ഒ. യു.പി. സ്കൂൾ ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ ആരംഭിച്ച സ്കൂൾ ആയതിനാൽ ടി സ്കൂളിൽ ഇപ്രകാരം തസ്തിക നിർണ്ണയം നടത്താൻ അനുവാദമില്ല. നേരത്തേയുള്ള 1 : 45 അനുപാതത്തിൽ മാത്രമേ 2015-2016, 2016-2017 വർഷങ്ങളിൽ ടി സ്കൂളിൽ തസ്തിക നിർണ്ണയം നടത്താൻ കഴിയൂ. 09/09/2021 തീയതിയിലെ G.O.(Ms)No.196/2021/GEDN സർക്കാർ ഉത്തരവ് പ്രകാരം മാത്രമാണ് 29/01/2016 തീയതിയിലെ സ.ഉ.(പി)നം.29/2016/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥകൾ ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കൂളുകളിൽ ബാധകമാക്കിയത്.

5) ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ ആരംഭിച്ച സ്കൂൾ ആയതിനാൽ, നേരത്തേ, മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1 : 45 അനുപാതത്തിൽ മാത്രം തസ്തിക നിർണ്ണയം നടത്തിയാണ് 2017-2018 വർഷം രണ്ടാമത്തെ ഫുൾ ടൈം അറബിക് തസ്തിക അനുവദിച്ച് നൽകിയത്. പ്രസ്തുത സ്കൂളിൽ 5, 6, 7 ക്ലാസ്സുകളിൽ അറബിക് പഠനത്തിനായി ആകെ 417 കുട്ടികൾ ഉണ്ടെന്നും, അതിനാൽ അറബിക് വിഷയത്തിന് 1 : 45 അനുപാതത്തിൽ 44 പീരിഡുകൾ ലഭ്യമാണെന്നും, രണ്ടാമത്തെ അറബിക് അധ്യാപികയായ ശ്രീമതി. റസീന കെ. 14/07/2011 മുതൽ ടി സ്കൂളിൽ നിയമനാംഗീകാരമില്ലാതെ ജോലി ചെയ്ത് വരികയാണെന്നുമുള്ള

06/07/2018 തീയതിയിലെ സൂപ്പർ ചെക് സെൽ ഓഫീസറുടെ എസ്.സി./178/2018/കെ.കെ.ഡി. നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 2017-2018 വർഷം എളയൂർ എം.എ.ഒ. യു.പി സ്കൂളിൽ 1 : 45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തി രണ്ടാമത്തെ ഫുൾ ടൈം അറബിക് തസ്തിക അനുവദിച്ച് നൽകാനും, പ്രസ്തുത അധിക ഫുൾ ടൈം അറബിക് തസ്തികയിൽ ശ്രീമതി. റസീന കെ. ക്ക് നിയമനാംഗീകാരം നൽകാനും 02/09/2021 തീയതിയിലെ G.O.(Ms)No.192/2021/GEDN പ്രകാരം സർക്കാർ ഉത്തരവായത്. എളയൂർ എം.എ.ഒ. യു.പി. സ്കൂളുകളിൽ 2015-2016 വർഷത്തിൽ 5-ാം ക്ലാസ്സിൽ 108, 6-ാം ക്ലാസ്സിൽ 118, 7-ാം ക്ലാസ്സിൽ 136 എന്നിങ്ങനെയും, 2016-2017 ൽ 5-ാം ക്ലാസ്സിൽ 148, 6-ാം ക്ലാസ്സിൽ 116, 7-ാം ക്ലാസ്സിൽ 120 എന്നിങ്ങനെയും വിദ്യാർത്ഥികൾ അറബി പഠിക്കാൻ ലഭ്യമാണ്. അപ്രകാരം 1 : 45 അനുപാതത്തിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ 2015-2016 വർഷം *[V-3,VI-3,VII-4, ആകെ 10 ഡിവിഷൻ, 10 X 4 പിരീഡ് = 40 പിരീഡുകൾ]* 40 പിരീഡുകളും, 2016-2017 വർഷം *[V-4,VI-3,VII-3, ആകെ 10 ഡിവിഷൻ, 10 X 4 പിരീഡ് = 40 പിരീഡുകൾ]* 40 പീരീഡുകളും ലഭ്യമാണെന്ന് കാണുന്നതിനാൽ കെ.ഇ.ആർ. അധ്യായം XXIII ചട്ടം 6 പ്രകാരം എളയൂർ എം.എ.ഒ. യു.പി സ്കൂളിൽ 2015-2016 വർഷം മുതൽ തന്നെ രണ്ടാമത്തെ മുഴുവൻ സമയ അറബിക് തസ്തികക്ക് അർഹതയുണ്ടെന്ന് പ്രസ്തുത വർഷങ്ങളിലെ തസ്തിക നിർണ്ണയ ഉത്തരവുകളിൽ നിന്ന് വ്യക്തമാകുന്നതിനാൽ ബഹു കോടതി വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

6) എളയൂർ എം.എ.ഒ. യു.പി സ്കൂളിൽ 2015-2016 മുതൽ രണ്ട് മുഴുവൻ സമയ അറബിക് തസ്തികകൾ അനുവദിക്കുന്നതിന് ആവശ്യമായ പിരീഡുകൾ ലഭ്യമാണെന്നും, ഒരു അറബിക് അധ്യാപകൻ അംഗീകാരത്തോടെ സ്കൂളിൽ ജോലി ചെയ്യുന്നുണ്ടെന്നും സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അംഗീകാരമില്ലാത്ത അധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ പരിശോധനാ വേളയിൽ അധികൃതരുടെ

ശ്രദ്ധയിൽപ്പെടുത്താതിരുന്നതിനാലാണ് ഹർജിക്കാരിയുടെ പേര് 06/03/2019 തീയതിയിലെ G.O.(Ms)No.29/2019/GEDN ഉത്തരവിലെ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്നതെന്നും വിഷയം പരിശോധിച്ചതിൽനിന്നും ബോധ്യപ്പെട്ടു. G.O.(Ms)No.29/2019/GEDN ഉത്തരവിൽ തന്റെ പേര് ഉൾപ്പെടുത്താതിനെതിരെ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പരിഗണിച്ച്, 06/07/2018 തീയതിയിലെ എസ്.സി./178/2018/കെ.കെ.ഡി. നമ്പറായ സൂപ്പർ ചെക്ക് സെൽ റിപ്പോർട്ടിലെ പരാമർശങ്ങളുടേയും, ധന വകുപ്പിന്റെ അഭിപ്രായത്തിന്റേയും അടിസ്ഥാനത്തിൽ പരിശോധിച്ച്, എളയൂർ എം.എ.ഒ. യു.പി. സ്കൂളിൽ, 01/09/2021 തീയതിയിലെ മന്ത്രിസഭാ തീരുമാനത്തിലൂടെ 2017-18 മുതൽ രണ്ടാമത്തെ മുഴുവൻ സമയ അധിക അറബിക് തസ്തിക സൃഷ്ടിച്ചാണ് പ്രസ്തുത തസ്തികയിൽ ഹർജിക്കാരിക്ക് 20/11/2017 മുതൽ നിയമനാംഗീകാരം നൽകിട്ടുള്ളതെന്നും, അതിനാൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണെന്നും കണ്ടെത്തുകയുണ്ടായി.

7) ഈ വിഷയം നിയമനാംഗീകാരവുമായി ബന്ധപ്പെട്ടതായതിനാലും, സാമ്പത്തിക പ്രത്യാഘാതങ്ങൾ ഉൾക്കൊള്ളുന്നതായതിനാലും, നേരത്തേ 2017-2018 വർഷം മുതൽ മാത്രം ഹർജിക്കാരിക്ക് നിയമനാംഗീകാരം നൽകാൻ തീരുമാനിച്ചത് ധനവകുപ്പിന്റെ കൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നതിനാലും, അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് കൈമാറിയിരുന്നു. ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

> "എളയൂർ എം.എ.ഒ. യു.പി. സ്കൂളിൽ 2 അറബിക് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിനാവശ്യമായ 44 പീരിയഡുകൾ ലഭ്യമായതിനാലും, ഒരു അറബിക് അദ്ധ്യാപിക നിയമനാംഗീകാരത്തോടെ ജോലി ചെയ്തു വരുന്ന സാഹചര്യത്തിലും, ഹർജിക്കാരിയുടെ നിയമനം ഫുൾടൈം ആയി അംഗീകരിക്കുവാൻ സ്കൂളിൽ തസ്തിക നിലവിലുണ്ടെന്നും പരിശോധനാ സമയത്ത് നിയമനാംഗീകാരം ലഭിക്കാത്ത

അറബിക് അദ്ധ്യാപികയുടെ കാര്യം സ്കൂൾ അധികൃതർ ശ്രദ്ധയിൽപ്പെടുത്താത്തതിനാലാണ് ആദ്യ സൂപ്പർ ചെക്ക് പരിശോധന റിപ്പോർട്ട് ലിസ്റ്റിൽ ഹർജിക്കാരിയുടെ പേര് ഉൾക്കൊള്ളിക്കാൻ കഴിയാതെ വന്നത് എന്നതിനാലും, 2017-2018 വർഷം മുതൽ എളയൂർ എം.എ.ഒ.യു.പി സ്കൂളിൽ ഒരു അറബിക് അധിക തസ്തിക സൃഷ്ടിച്ച് ഹർജിക്കാരിക്ക് നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് കണക്കിലെടുത്തും, പൊതു വിദ്യാഭ്യാസ (ജെ.എ.) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 2015-2016 മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് രണ്ടാമത്തെ അറബിക് തസ്തിക അനുവദിച്ച് 06/03/2019-ലെ സ.ഉ.(കൈ)നം.29/2019/പൊ.വി.വ പ്രകാരം മറ്റ് അദ്ധ്യാപകർക്ക് അനുവദിച്ചത് പോലെ ശ്രീമതി. റസീന. കെ. യ്ക്ക് 11/11/2015 മുതൽ നിയമനാംഗീകാരവും അന്നേ തീയതി മുതൽ എ.ഐ.പി സ്കൂളുകളിലെ ജീവനക്കാർക്ക് അനുവദനീയമായ സേവന വേതന ആനുകൂല്യങ്ങളും അനുവദിക്കാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

കോടതി സംബന്ധമായ നിരവധി കേസുകളിൽ ഭരണ വകുപ്പ് സമയബന്ധിതമായി വിധിന്യായം പാലിക്കാത്തതും/ അപ്പീൽ ഫയൽ ചെയ്യാത്തതുമാണ് കോടതിയലക്ഷ്യം ഫയൽ ചെയ്യപ്പെടുന്നതിന് വഴിയൊരുക്കുന്നത്. ആയത് സംബന്ധിച്ച് ഭാവിയിൽ സൂക്ഷ്മത പാലിക്കേണ്ടതാണെന്ന് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

8) മേൽ സാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ എളയൂർ എം.എ.ഒ. യു.പി. സ്കൂളിലെ 2015-2016 വർഷം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പുനഃപരിശോധിച്ച് 2015-2016 മുതൽ രണ്ടാമത്തെ മുഴുവൻ സമയ അറബിക്ക് അധിക തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ 11/11/2015 മുതൽ ശ്രീമതി. റസീന കെ. ക്ക് നിയമനാംഗീകാരം നൽകാവുന്നതാണോയെന്നും, തുടർന്ന് അനുവദനീയമായ സേവന

വേതന ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണോയെന്നും, ഇപ്രകാരം റിട്ട് ഹർജി നം.29179/2021 മേലുള്ള 18/06/2024 തീയതിയിലെ ബഹു ഹൈക്കോടതിയുടെ വിധിന്യായം പാലിക്കാവുന്നതാണോ എന്നും ആരാഞ്ഞുകൊണ്ട് ഉത്തരവുകൾക്കായി ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

മലപ്പുറം ജില്ലയിലെ എളയൂർ എം.എ.ഒ. യു.പി. സ്കൂളിലെ 2015-2016 വർഷം മുതലുള്ള തസ്തിക നിർണ്ണയ ഉത്തരവുകൾ പുനഃപരിശോധിച്ച് 2015-2016 മുതൽ രണ്ടാമത്തെ മുഴുവൻ സമയ അറബിക്ക് അധിക തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ 11/11/2015 മുതൽ ശ്രീമതി. റസീന കെ. ക്ക് നിയമനാംഗീകാരം നൽകാവുന്നതാണോ, തുടർന്ന് അനുവദനീയമായ സേവന വേതന ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണോ, ഇപ്രകാരം റിട്ട് ഹർജി നം. 29179/2021 മേലുള്ള 18/06/2024 തീയതിയിലെ ബഹു ഹൈക്കോടതിയുടെ വിധിന്യായം പാലിക്കാവുന്നതാണോ.